
# ഖിലാഫത്ത്

# സമാധാനം നീതി




2014 നവംബർ 8ന്ന് ലണ്ടനിൽവെച്ച് നടന്ന 11-ാം പീസ് സിംപോസിയത്തിലെ മുഖ്യപ്രഭാഷണം.


**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് V**

**ആഗോള അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ തലവൻ.**




# അവതാരിക

2014 നവംമ്പർ 8 ന്ന് ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് തലവൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് 11-ാമത് നാഷണൽ പീസ് സിംമ്പോസിയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ ISIS (Islamic State in Iraq and Syria) ന്റേയും മറ്റ് തീവ്രവാദി ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങളെ തികച്ചും അനിസ്‌ലാമികം എന്ന് പറഞ്ഞുകൊണ്ട് അതിനിശിതമായി അപലപിക്കുകയും അവർ ഭീകരതയുടെ ഒരു ശൃംഖലാ പ്രവർത്തനമാണ് ലോകത്ത് നടത്തുന്നതെന്ന് പറയുകയും ചെയ്തു. ഈ പ്രഭാഷണത്തിൽ വിശുദ്ധ ഖുർആനിൽ നിന്ന് ധാരാളം വചനങ്ങൾ ഉദ്ദരിച്ചുകൊണ്ട് സമൂഹത്തിന്റെ എല്ലാ വിതാനത്തിലും സഹിഷ്ണുത, പരസ്പര ബഹുമാനം, പരസ്പര ധാരണ മുതലായ മൂല്യങ്ങൾ പ്രചരിപ്പിക്കുന്ന സമാധാനത്തിന്റെ മതമാണ് ഇസ്‌ലാം എന്ന് ഖലീഫ തിരുമനസ്സ് പറയുകയും ISIS പോലെയുള്ള തീവ്രവാദ ഗ്രൂപ്പുകൾക്ക് ധനസഹായം ലഭിക്കുന്നതിനെ അദ്ദേഹം ചോദ്യം ചെയ്യുകയുമുണ്ടായി.

1000 അതിഥികൾ പങ്കെടുത്ത ഈ പീസ് സിംമ്പോസിയം നടന്നത് ലണ്ടനിലെ ബൈത്തുൽ ഫുതുഹ് മോസ്കിൽ വെച്ചാണ്. ഈ സിംമ്പോസിയത്തിൽ 500ലധികം അനഹ്മദികൾ പങ്കെടുത്തു. അതിൽ ബ്രിട്ടനിലെ മന്ത്രിമാർ വിവിധ രാജ്യങ്ങളിലെ അംബാസഡർമാർ, ഇരുസഭകളിലേയും പാർലമെന്റ് അംഗങ്ങൾ തുടങ്ങി പ്രമുഖരായ നിരവധിപേർ പങ്കെടുക്കുകയുണ്ടായി. ഇത്തവണത്തെ പീസ് സിംമ്പോസിയത്തിന്റെ പ്രമേയം ‘ഖിലാഫത്ത്, സമാധാനം, നീതി’ എന്നതായിരുന്നു. ആ സിംമ്പോസിയത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന മേരീസ് മീൽ (Mary’s Meals, UK) എന്ന സംഘടനയുടെ CEO ആയ മാഗ്നസ് മാക് ഫാർലൻസ് ബാറോ എന്ന പ്രഖ്യാതന ജീവകാരുണ്യപ്രവർത്തകന് അഹ്മദിയ്യാ മുസ്‌ലിം പ്രൈസ് ഫോർ ദ അഡ്വാൻസ്മെന്റ് ഓഫ് പീസ് (Ahmadiyya Muslim Prize for the Advancement of Peace) പുരസ്കാരം ഖലീഫ തിരുമനസ്സ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് നൽകുകയുണ്ടായി. വികസ്വരരാജ്യങ്ങളിലെ പാവപ്പെട്ട കുട്ടികൾക്ക് ഭക്ഷണവും വിദ്യാഭ്യാസവും നൽകുന്നതിൽ അസാധാരണമായ സേവനം കാഴ്ച്ചവെച്ചയാളാണ് മാഗ്നസ് ബറോ. ഖലീഫ തിരുമനസ്സിന്റെ മുഖ്യ പ്രഭാഷണത്തിന്നുമുമ്പായി റഫീഖ് അയാത്ത് സാഹിബ് (പ്രസിഡന്റ് അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി. യു.കെ) ലോർഡ് താരീഖ് അഹ്മദ് (വിബിംൾടൺ മിനിസ്റ്റർ ഫോർ കമ്മ്യൂണിറ്റീസ്) സിയോ ബാഹിൻ മാക്സൊണാഹ് (ആൾ പാർട്ടി പാർലമെന്ററി ഗ്രൂപ്പ്ഫോർ അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി ചെയർമാൻ) എസ്. ഡേവി (എം.പി. സെക്രട്ടറി ഓഫ് സ്റ്റേറ്റ്സ് എനർജി ആന്റ് ക്ലൈമറ്റ് ചെയ്ഞ്ച്. റിട്ട:), ജസ്റ്റിൻ ഗ്രീനിംങ്ങ് എം.പി. (സെക്രട്ടറി സ്റ്റേറ്റ് ഫോർ ഇന്റർ നാഷണൽ ഡെവലപ്മെന്റ്) റവറന്റ് കെവിൻ മാക്ഡൊണാൾഡ് (ആർച്ച് ബിഷപ്പ് എമിററ്റസ് ഓഫ് സൗത്ത് വാൽക്) എന്നിവർ ഹ്രസ്വഭാഷണം നടത്തി. റവന്റ് കെവിൻ മാക് ഡൊണാൾഡ് വത്തിക്കാനിൽ നിന്നും അയച്ച സമാധാനസന്ദേശവും സിംമ്പോസിയത്തിൽ വായിച്ചു.

**ലണ്ടനിൽ വെച്ച് 2014 നവംബർ 8 ന് നടന്ന 11–ാം പീസ് സിംമ്പോസിയത്തിൽ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹു (അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആഗോള നേതാവ്) നടത്തിയ മുഖ്യപ്രഭാഷണം.**

## പ്രഭാഷണം.

തശഹ്ഹുദും തഅവ്വുദും ബിസ്മിയും ഓതിയതിന് ശേഷം ഖലീഫത്തുൽ മസീഹ് പ്രഭാഷണം ആരംഭിച്ചു.

ബഹുമാന്യരായ അതിഥികളെ *അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു.* അല്ലാഹുവിന്റെ ശാന്തിയും അനുഗ്രഹവും നിങ്ങളിലെല്ലാവരിലും ഉണ്ടായിരിക്കട്ടെ.

ഈ വർഷത്തെ ഞങ്ങളുടെ പീസ് സിംമ്പോസിയത്തിൽ പങ്കെടുക്കാനെത്തിയ നിങ്ങൾക്കെല്ലാവർക്കും ഞാൻ ആദ്യമായി നന്ദിപറയുകയാണ്. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വാർഷിക നാൾവഴിയിൽ ഈ പീസ് സിംമ്പോസിയം സ്ഥിരമായി നടന്നുവരുന്ന കാര്യം നിങ്ങളിൽ മിക്കവാറും എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാവും. സാധാരണയായി ഞങ്ങൾ ആ പരിപാടി മാർച്ച് മാസത്തിലാണ് നടത്താറുള്ളത്. ഈ വർഷം പലകാരണങ്ങളാൽ അത് നവംമ്പർവരെ നീണ്ടുപോയി. ഇന്ന് രാത്രി ദേശീയ അനുസ്മരണ ദിനം (National Remembrance Day) നടക്കുകയാണ്. അതിനാൽ ഞങ്ങൾ ഈ പരിപാടിയിലേക്ക് ക്ഷണിച്ചവരിൽ പലർക്കും എത്തിചേരാൻ സാധ്യമായിട്ടില്ല. ഇവിടെ എത്തിചേർന്ന നിങ്ങൾക്കെല്ലാവർക്കും എന്റെ ഹാർദ്ദമായ നന്ദി അറിയിക്കട്ടെ.

നിങ്ങളുടെ ഈ സദസ്സിലുള്ള പങ്കാളിത്വം ഒരു പ്രത്യേക മതവിഭാഗത്തിന്റെ വീക്ഷണകോണിൽനിന്നും സമാധാനത്തെകുറിച്ച് നിങ്ങൾ കേൾക്കാനാഗ്രഹി



ക്കുന്നു എന്നതിന്റെ തെളിവാണ്. കാരണം ഇന്നത്തെ ലോകത്ത് വിശ്വസമാധാനത്തെകുറിച്ച് ലോകം മുഴുവനും സംജാതമായ സംഘട്ടനങ്ങളെകുറിച്ചും ധാരാളം നിങ്ങൾ കേട്ടുകഴിഞ്ഞിരിക്കും. തീർച്ചയായും കാര്യങ്ങളുടെ ഗതി ലോകത്തെ സംബന്ധിച്ച് ആശങ്കയും ഭീതിയും ഉളവാക്കുന്നതാണ്. ഇന്ന് ലോകത്ത് നടക്കുന്ന അരാചകത്വങ്ങളിൽ പലതും മുസ്‌ലിംകൾ എന്ന് വിളിക്കപ്പെടുന്ന ഒരു വിഭാഗത്തിന്റെ പങ്ക് ഉണ്ട് എന്ന കാര്യം അതീവ ദുഃഖത്തോടെ സമ്മതിക്കുന്നതിൽ എനിക്ക് യാതൊരു സന്ദേഹവുമില്ല. തന്റെ മതവിശ്വാസത്തെപറ്റി ധാരണയുള്ള സമാധാനകാംഷിയായ ഏതൊരു മുസ്‌ലിമിന്നും ഇത് വലിയ ദുഃഖത്തിന്നും നിരാശക്കും കാരണമാകുന്നു. കഴിഞ്ഞ ഒരു വർഷമായി ഒരു പ്രത്യേക വിഭാഗം ആളുകൾ അവരുടെ ഭീകരപ്രവർത്തനത്തിന്റെ ശൃംഖല വ്യാപിപ്പിക്കുകയും ലോകത്തെയാകമാനം സ്തോഭജനകമായ ഭീതിയിലകപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഞാൻ സൂചിപ്പിക്കുന്നത് ISIS എന്നും IS എന്നും പൊതുവെ അറിയപ്പെടുന്ന ഒരു തീവ്രവാദഗ്രൂപ്പിനെക്കുറിച്ചാണ്.


ഈ ഭീകരസംഘത്തിന്റെ ദ്രോഹങ്ങളുടെ പ്രത്യാഘാതങ്ങൾ മുസ്‌ലിം രാജ്യങ്ങളിൽ മാത്രമല്ല യൂറോപ്പിലും മറ്റ് വിദൂരദേശങ്ങളിലും വ്യാപിക്കുകയാണ്. ISIS ഇസ്‌ലാമിന്റെ യഥാർത്ഥ ചിത്രത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് വിശ്വസിച്ച് അവരുടെ ആശയത്തെ പിന്തുണച്ചുകൊണ്ട് യൂറോപ്പിലേയും മറ്റു ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും മുസ്‌ലിം യുവാക്കൾ അണിചേരുകയാണ്. നമ്മെ അസ്വസ്ഥമാക്കുന്നവിധം അവരുടെ അംഗസംഖ്യ അധികരിച്ചുവരികയാണ്. ഈ ഭീകരസംഘത്തെ വിശ്വസിച്ചുകൊണ്ട് അവരെ സഹായിക്കാനും അവർക്കുവേണ്ടി യുദ്ധം ചെയ്യാൻപോലും അവർ തയ്യാറാകുന്നു.

ഇവിടെ യു.കെയിൽ നിന്ന് 500 യുവാക്കൾ ഇസ്‌ലാമിന്ന് വേണ്ടിയാണ് തങ്ങൾ യുദ്ധം ചെയ്യുന്നത് എന്ന വ്യാജ അവകാശവാദവുമായി പോരാടുന്നു. ISIS ന് വേണ്ടി പോരാടാൻ സിറിയയിലേക്കും ഇറാഖിലേക്കും പോയതായി പറയപ്പെടുന്നു. യൂറോപ്പിൽ നിന്നും വ്യാജ ജിഹാദിന്നായി പോവുന്ന യുവാക്കളുടെ എണ്ണം നാം നിരീക്ഷിക്കുകയാണെങ്കിൽ നമുക്ക് കാണാൻ കഴിയുന്ന ഒരു വസ്തുത ജർമനിയിൽ നിന്നും മറ്റു മിക്ക യൂറോപ്യൻ നാടുകളിൽനിന്നും



പോകുന്നവരേക്കാൾ അനുപാതത്തിൽ വളരെ കൂടുതലാണ് യു.കെയിൽ നിന്നും ജിഹാദിന്നായി പോവുന്നവരുടെ എണ്ണം. ഇത് അങ്ങേയറ്റം നടുക്കമുണ്ടാക്കുന്നതും യു.കെയെ സംബന്ധിച്ചിടത്തോളം ആശങ്കാജനകമാണ്. കാരണം ISIS യുടെയും അവരുടെ ഖലീഫയുടെയും അജണ്ട ഭയാനകവും തികച്ചും വന്യവുമാണ്. അവരുടെ ഖലീഫ പറഞ്ഞിരിക്കുന്നത്. ലോകത്തോട് പ്രതികാരം നിർവ്വഹിക്കുകയും അതിർത്തികളും ദേശങ്ങളും കീഴടക്കുകയും വേണം എന്താണ്. മുസ്‌ലിംകളെ മുഴുലോകത്തിന്റെയും യജമാനന്മാരായിരിക്കണമെന്നും മറ്റു അമുസ്‌ലിംകളെ അടിമകളാക്കി മാറ്റണമെന്നും മുസ്‌ലിംകളുടെ ജംഗമസ്വത്താക്കി അവരെ കരുതണമെന്നുമാണ്. ഏതെങ്കിലും വിധത്തിൽ മുസ്‌ലിംകളെ ആക്രമിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ എടുത്തിരിക്കണം. അങ്ങനെ ആശരീഅത്ത് നിയമം ഓരോ വ്യക്തിയിലും ഓരോ ദേശത്തും നടപ്പാക്കണമെന്നും ISIS ഖലീഫ പറയുന്നു.

അന്യമതങ്ങളിലും വിഭാഗത്തിലുംപെട്ട സ്ത്രീകളുടെ അവകാശങ്ങൾ എടുത്തുകളയാനും അയാൾ ആഗ്രഹിക്കുന്നു. അവരെ കീഴടക്കി വെപ്പാട്ടികളായി വെക്കാനോ തങ്ങളുടെ ഭാര്യമാരായി മാറ്റാനോ ISIS ആഗ്രഹിക്കുന്നു. തങ്ങളുടെ വിശ്വാസങ്ങളിൽനിന്നും വിഭിന്നമായ മതവിശ്വാസങ്ങളെ വിപാടനം ചെയ്യാനാണ് ISIS ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നിലവിലുള്ള മുസ്‌ലിം ഭരണകൂടങ്ങളെ പിഴുതെറിഞ്ഞ് അവരിൽനിന്നും അധികാരം കൈയ്യേൽക്കാനും ISIS ശ്രമിക്കുന്നു. ISISനെപറ്റി ഇപ്പറഞ്ഞതെല്ലാം ശരിയാണെങ്കിൽ അവരുടെ തന്ത്രങ്ങളും ദർശനങ്ങളും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്നതാണ് അവരുടെ അടിസ്ഥാന ലക്ഷ്യം. ലോകത്തിന്റെ സമാധാനം നശിപ്പിക്കുക എന്നതാണ്.




ISIS അല്ലെങ്കിൽ ഏതെങ്കിലും ഒരു തീവ്രവാദ സംഘടന അന്തിമമായി ലോകം കീഴടക്കുന്നതിൽ വിജയിക്കുമെന്ന് ധരിക്കുന്നത് അസംബന്ധമായിരിക്കും. കാരണം അവരുടെ പദ്ധതികൾ മുഴുവനും യാഥാർത്ഥ്യ ബോധത്തേക്കാൾ സാങ്കൽപികമാണ് എന്ന കാര്യം സ്പഷ്ടമാണ്. അവരുടെ ഈ മാർഗ്ഗം അവർ നിർത്തിയില്ലെങ്കിൽ അവർ സ്വയം നശിക്കുന്നതാണ്. പക്ഷേ അതിന്ന്മുമ്പ് അവരുടെ പ്രവർത്തനം വൻ നാഷനഷ്ടങ്ങൾക്ക് കാരണമാകും. മറ്റു യാതൊരാളുടെയും പിന്തുണയില്ലാതെ ഒരു വ്യക്തി നടത്തുന്ന ഭീകരവും ഘോരവുമായ നിരവധി സംഭവങ്ങൾക്ക് നാം സാക്ഷ്യം വഹിക്കുകയുണ്ടായി. ഉദാഹരണത്തിന്ന് ചില മാസങ്ങൾ ഇടവിട്ട് അമേരിക്കയിൽ സ്‌ക്കൂൾ വിദ്യാർത്ഥികൾ നടത്തുന്ന വെടിവെപ്പുകളുടെ റിപ്പോർട്ടുകൾ നാം വായിക്കാറുണ്ട്. ഒരാൾമാത്രം നടത്തുന്ന ഈ ഹീനകൃത്യങ്ങളിൽ ഡസൻകണക്കിന്ന് നിരപരാധികളായ കുട്ടികൾ കൊല്ലപ്പെടുന്നു. അപ്പോൾ ഒരു ഭീകരസംഘത്തിന്റെ പ്രവർത്തനഫലമായി എത്രമാത്രം നാശവും ദ്രോഹവും ഏൽപ്പിക്കാനാവും എന്നാലോചിച്ചുനോക്കൂ. അവരാകട്ടെ അനീതി നിറഞ്ഞ തങ്ങളുടെ അതിനീചമായ പ്രവർത്തനങ്ങൾക്ക് വേണ്ടി തങ്ങളുടെ ജീവൻ നൽകാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ

നിന്നും ഒരുങ്ങിപുറപ്പെട്ട് ഒത്തുചേർന്ന നിരാശ ബാധിച്ച അസ്വസ്ഥമനസുകളുടെ ഉടമകളാണെന്നും വരുമ്പോൾ അത് എത്രവലിയ ദുരന്തമായി മാറുമെന്ന് ആലോചിച്ചുനോക്കൂ.

ഈ ഭീകരസംഘങ്ങൾ അക്രമണോത്സുകരായ ഒറ്റപ്പെട്ട വ്യക്തികളല്ല. ആധുനിക നശീകരണായുദ്ധങ്ങൾ കൈവശമുള്ള ഗ്രൂപ്പുകളാണ്. തീർച്ചയായും അവസാനം അവരുടെ കരങ്ങൾ ന്യൂക്ലിയർ ആയുധങ്ങൾ എത്തിപ്പിടിക്കുമോ എന്ന കാര്യവും പറയാനാവില്ല. ഞാൻ നേരത്തെ പറഞ്ഞത്പോലെ ഈ കുഴപ്പം പിടിച്ച ഗ്രൂപ്പുകൾക്ക് ചിരസ്ഥായിയായ ഒരു വിജയം ആർജിക്കുവാൻ സാധ്യമല്ല. പക്ഷേ ഹ്രസ്വകാലത്തേക്ക് ഇത് സാധ്യമാണ്. അതായത് അവർക്ക് ചില മേഖലകൾ പിടിച്ചടക്കാനും വൻനാശങ്ങൾ വരുത്തിവെക്കാനും സാധിക്കും ISIS ഉം അവരെ പോലെ ചിന്തിക്കുന്ന മറ്റ് സമാന ചിന്താഗതിക്കാരായ ആളുകളുടെ പ്രവർത്തനങ്ങളുമല്ലാം കണക്കിലെടുക്കുമ്പോൾ അവരെല്ലാം ലോകത്തിന് ഘോരമായ ഭീഷണി ഉയർത്തുന്നതാണെന്നതിൽ സംശയമില്ല.

ഇസ്‌ലാമിന്റെ സമാധാനത്തെയും സുരക്ഷയെപറ്റിയുള്ള യഥാർത്ഥ അദ്ധ്യാപനങ്ങൾ എല്ലാ അർത്ഥത്തിലും എല്ലാ ജനങ്ങൾക്കും വേണ്ടിയുള്ളതാണ്. വിശുദ്ധ ഖുർആനോ ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകനായ ഹദ്റത്ത് മുഹമ്മദ് നബി(സ) ജീവിതത്തിലോ പെരുമാറ്റത്തിലോ നാം നോക്കുകയാണെങ്കിൽ ആദ്യകാല മുസ്‌ലിംകൾ ഒരിക്കലും ഒരു യുദ്ധത്തിന്നോ അക്രമണത്തിന്നോ തുടക്കമിട്ടതായി കാണാൻ സാധ്യമല്ല. മുസ്‌ലിംകൾക്ക് ഏതെങ്കിലും വിധത്തിൽ യുദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ടെങ്കിൽ അത് തികച്ചും പ്രതിരോധ യുദ്ധമായിരുന്നു. അവരുടെ പ്രതിരോധ യുദ്ധത്തിന്റെ ലക്ഷ്യം ക്രൂരമായ മർദ്ദനം നിർത്താൻവേണ്ടിയായിരുന്നു. അതൊരിക്കലും മുസ്‌ലിംകളുടെ മേൽകോഴ്മ സ്ഥാപിക്കാനോ അനീതി നടപ്പാക്കാനോ ആയിരുന്നില്ല. അവർ ഒരിക്കലുംതന്നെ രാജ്യങ്ങളും മേഖലകളും പിടിച്ചടക്കാനോ ജനങ്ങളെ അടിമകളാക്കി വെക്കാനോ ആഗ്രഹിച്ചിരുന്നില്ല. ഇസ്‌ലാംമത സ്ഥാപകനായ ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ പരിശുദ്ധ ജീവിതം അതിന്ന് സാക്ഷിയാണ്. അവിടുത്തെ ആദ്യകാല ജീവിതം പരിശോധിച്ചാലറിയാം പ്രവാചകത്വത്തിന്റെ ആദ്യകാലങ്ങളിൽ തന്റെ ജന്മനഗരമായ മക്കയിൽ ഇസ്‌ലാമിന്റെ സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും സന്ദേശം മാത്രമാണ് എപ്പോഴും പ്രചരിപ്പിക്കാൻ ശ്രമിച്ചിരുന്നത്. എങ്കിലും മക്കക്കാർ അദ്ദേഹത്തെ നിരാകരിച്ചു എന്ന് മാത്രമല്ല റസൂൽ തിരുമേനി(സ)യോട് അവർ അങ്ങേയറ്റം ക്രൂരവും നിർദയവുമായ രീതിയിലുമാണ് പെരുമാറിയത്. അവിടുന്നും അവിടുത്തെ അനുചരന്മാരും അതിക്രൂരമായി മർദ്ദിക്കപ്പെട്ടു. അങ്ങനെ അവസാനം ദൈവത്തിന്റെ അറിയിപ്പിനാൽ റസൂൽ തിരുമേനി(സ) മക്കയിൽനിന്നും പലായനം ചെയ്ത് മദീന



യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. "ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്" എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹി ഷ്ക്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റുചിലരിൽ നിന്നുള്ള അക്രമത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽവച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു.(അൽഹജ്ജ് 40:41)

പട്ടണത്തിൽ അഭയം തേടുകയും ചെയ്തു. മദീനയിലേക്ക് പലായനം ചെയ്തതിന്ന് ശേഷവും മക്കക്കാർ അടങ്ങിയിരുന്നില്ല അവർ പൂർണ്ണമായും ആയുധധാരികളായി പിന്തുടർന്ന് സഞ്ചരിച്ച് മുസ്‌ലിംകളോട് യുദ്ധം ചെയ്തു. ആ സന്ദഭത്തിൽ മാത്രമാണ് സ്വരക്ഷക്ക് വേണ്ടി യുദ്ധം ചെയ്യാൻ മുസ്‌ലിംകൾക്ക് അനുമതി ലഭിച്ചത്.

യുദ്ധത്തിന്ന് അനുമതി നൽകപ്പെട്ടതിന്റെ കാരണം വിശുദ്ധ ഖുർആൻ 22 അദ്ധ്യായം 40–41 വചനങ്ങളിൽ അല്ലാഹു വ്യക്തമായും പറയുന്നു. അതായത് മുസ്‌ലിംകൾ സ്വയം പ്രതിരോധിച്ചില്ലെങ്കിൽ ലോകത്തിന്റെ മുഴുവൻ സമാധാനവും അപകടത്തിലാകുമായിരുന്നു. പ്രതിയോഗികൾ ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യണമെന്ന് മാത്രമായിരുന്നില്ല ആഗ്രഹിച്ചിരുന്നത് എല്ലാവിധത്തിലുള്ള മതങ്ങളും ലോകത്ത്നിന്നും വിപാടനം ചെയ്യാൻ അവർ ആഗ്രഹിച്ചു. അത്കൊണ്ടാണ് ഖുർആൻ പറഞ്ഞത് അവർക്ക് പ്രതിരോധ യുദ്ധത്തിന് അനുവാദം നൽകപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ചർച്ചുകളോ, സിനഗോഗുകളോ, അമ്പലങ്ങളോ മുസ്‌ലിം പള്ളിയോ മറ്റേതൊരു ആരാധനാലയമോ സുരക്ഷി തമായി ഇരിക്കുമായിരുന്നില്ല. ആയതിനാൽ മുസ്‌ലിംകൾക്ക് യുദ്ധത്തിന് അനുമതി നൽകപ്പെട്ടത് ഇസ്‌ലാം മതത്തെ രക്ഷിക്കാൻവേണ്ടി മാത്രമായിരുന്നില്ല. മറിച്ച് എല്ലാ മതങ്ങളുടെയും രക്ഷക്ക് വേണ്ടിയായിരുന്നു എന്നാണ് പ്രസ്തുത ഖുർആൻ വചനം മനസ്സിലാക്കിത്തരുന്നത്. ഈയൊരു വചനത്തിന്റെ വെളിച്ചത്തിൽ മുസ്‌ലിംകളാണെന്ന് അവകാശപ്പെടുന്ന ഇക്കൂട്ടർ (ISIS) അമുസ്‌ലിംകളെ കൊല്ലാനും അവരുടെ ദേശങ്ങൾ പിടിച്ചടക്കി അവരെ അടിമകളാക്കാനും അനുമതിയുണ്ട് എന്ന് .ഇന്ന് വാദിക്കുന്നത് എത്രമാത്രം തെറ്റാണെന്ന് മനസ്സിലാക്കുക.

യാഥാർത്ഥ്യമെന്താണെന്ന്വച്ചാൽ ഓരോ പൗരനും തങ്ങളുടെ സ്വാതന്ത്ര്യത്തോടെയും സ്വഛന്ദതയോടെയും ജീവിക്കാനുള്ള അവകാശം ഇസ്‌ലാം ഉറപ്പ്നൽകുന്നു. ഓരോ വ്യക്തിക്കും അവരുടെ വിശ്വാസമോ ജീവിത പശ്ചാത്തലമോ എന്താണെന്ന് പരിഗണിക്കാതെ സമാധാനത്തിലും സൗഹാർദത്തോടെയും ജീവിക്കാനുള്ള അവകാശം ഉറപ്പ് വരുത്തുന്നു.

ഞാൻ ഇതിന് മുമ്പ് റസൂൽ തിരുമേനി(സ) അനുചരന്മാരും മദീനയിലേക്ക് പലായനം ചെയ്തതും അവരെ തദ്ദേശീയരായ മദീനാ സമൂഹം സ്വാംശീകരിച്ചതും വിവരിച്ചുവല്ലോ. ഇത് ഒരു കുടിയേറ്റ സമൂഹം തദ്ദേശീയ സമൂഹവുമായി ഉദ്ഗ്രഥിക്കപ്പെടേണ്ടതെങ്ങിനെയാണ് എന്നതിന്റെ ഏറ്റവും ഉദാത്തവും സമ്പൂർണ്ണവുമായ ഒരു മാതൃകയാണ്. മദീനയിൽ മുസ്‌ലിംകൾ എത്തുന്നതിന്ന് മുമ്പേ അവിടെ രണ്ട് മുഖ്യ ജനവിഭാഗങ്ങളുണ്ടായിരുന്നു. യഹൂദരും അറബികളുമായിരുന്നു അവർ. മുസ്‌ലിംകളുടെ ആഗമനത്തോടെ അവർ മൂന്ന് ഗ്രൂപ്പുകളായി. മുസ്‌ലിംകൾ യഹൂദർ, അമുസ്‌ലിംകളായ അറബികൾ എന്നിവരായിരുന്നു അവർ. അവിടെ എത്തിയ ഉടനെതന്നെ റസൂൽ തിരുമേനി(സ) പ്രസ്താവിച്ചത് നാമെല്ലാം സമാധാനത്തിലും സൗഹൃദത്തിലും വർത്തിക്കണമെന്നാണ്. ഇതിനായി അവിടുന്ന് അവർക്കിടയിൽ ഒരു സമാധാന കരാർ ഉണ്ടാക്കി. ഈ കരാറിൽ ഓരോ ജനവിഭാഗത്തിന്നും ഓരോ ഗോത്രവിഭാഗത്തിന്നും അവരവരുടെ അവകാശങ്ങൾ ഉറപ്പ്വരുത്തുന്ന രീതിയിൽ ഉപാധികളുണ്ടാക്കി. ഓരോ വ്യക്തിയുടെയും ജീവനും സ്വത്തിനും സുരക്ഷ വാഗ്ദാനം ചെയ്യപ്പെട്ടു. അപ്രകാരം നിലവിലുള്ളതും പൂർവ്വികവുമായ എല്ലാ ഗോത്രാചാരങ്ങൾക്കും ഗോത്രാന്തരീയമായ ബന്ധങ്ങ

ളും പാലിക്കപ്പെടുമെന്ന് ഉറപ്പ് നൽകി. ഏതെങ്കിലും വിധത്തിലുള്ള നാശങ്ങളോ കുഴപ്പ ങ്ങളോ ഉണ്ടാക്കണമെന്ന് ഉദ്ദേശത്തോടെ മക്കത്ത് നിന്ന് ആരെങ്കിലും മദീനയിൽ വരുകയാണെങ്കിൽ മദീനയിലുള്ള ആരുംതന്നെ അയാൾക്ക് അഭയം നൽകാൻ പാടുള്ള തല്ല. അത്തരക്കാരുമായി യാതൊരുവിധ കരാറിലും മദീനക്കാർ ഏർപ്പെടാൻ പാടില്ല. മാത്രമല്ല ഏതെങ്കിലും ഒരു പൊതുശത്രു മദീനയെ ആക്രമിക്കാൻ വന്നാൽ മൂന്നു ഗ്രൂപ്പുകളും ചേർന്ന് മദീനയെ സംരക്ഷിക്കണം. കൂടാതെ മുസ്‌ലിംകൾ മദീനക്ക് പുറത്ത്വെച്ച് ആക്രമിക്കപ്പെടുകയോ യുദ്ധത്തിലേർപ്പെടുകയോ ചെയ്താൽ അവരെ പ്രതിരോധിക്കാൻ മദീനയിലെ അമുസ്‌ലിംകൾക്ക് ബാദ്ധ്യതയില്ല എന്നും കരാറിൽ എഴുതിചേർത്തു. അതിലുപരിയായി യഹൂദർക്ക് മറ്റു ഗ്രൂപ്പുകളുമായി എന്തെങ്കിലും തരത്തിലുള്ള കരാർ ബന്ധമുണ്ടെങ്കിലും അത് മുസ്‌ലിംകൾ അംഗീകരിക്കേണ്ടതാണ്. യഹൂദർ അവരുടെ മതമനുസരിച്ചും മുസ്ലിംകൾ അവരുടെ മതമനുസരിച്ചും ജീവിക്കാവു ന്നതാണ്. ഈ മൂന്ന് ഗ്രൂപ്പുകളും കരാറിലെ വ്യവസ്ഥകൾ അംഗീകരിക്കുമ്പോൾ തന്നെ റസൂൽ തിരുമേനി(സ)യെ രാജ്യത്തിന്റെ തലവനായി പരസ്പര സമ്മതത്തോടെ എല്ലാ വരും അംഗീകരിക്കുകയും ചെയ്തു. ഞാൻ നേരത്തെ പറഞ്ഞത്പോലെ യഹൂദർക്ക് ഇസ്‌ലാമിക ശരീഅത്ത് ബാധകമായിരുന്നില്ല. അവർക്ക് യഹൂദ നിയമങ്ങളും ആചാര ങ്ങളും മാത്രമായിരുന്നു ബാധകമായിരുന്നത്. ഇതായിരുന്നു ഇസ്‌ലാം മത സ്ഥാപകനാ യിരുന്ന റസൂൽ തിരുമേനി(സ)യുടെ സഹിഷ്ണുതയുടെയും പരസ്പര ബഹുമാനത്തി ന്റേയും തികവുറ്റ മാതൃക.

എന്നാൽ ഇന്ന് ISIS വാദിക്കുന്നത് ശരീഅത്ത് നിയമം എല്ലാവർക്കും ബാധക മാക്കണമെന്നാണ്. ആ സമയത്ത് റസൂൽ തിരുമേനി(സ) ഒപ്പിട്ട കരാറിൽ സ്ത്രീകളുടെ അവകാശങ്ങളും സ്ഥാപിക്കുകയുണ്ടായി. കരാർ പ്രകാരം ഒരു സ്ത്രീയും അവളുടെ ഭർത്താവിന്റെ വീട്ടിൽ നിന്നും പുറത്താക്കപ്പെടാൻ പാടുള്ളതല്ല. അങ്ങിനെയിരിക്കെ അമുസ്‌ലിം സ്ത്രീകൾ മുസ്‌ലിംകളുടെ സ്വത്തായിരിക്കും എന്ന് ISIS ക്ക് എങ്ങിനെ അവകാശവാദമുന്നയിക്കാൻ സാധിക്കും?. റസൂൽ തിരുമേനി(സ)യുടെ മദീനാ കരാർ പ്രകാരം ഒരു മനുഷ്യനും തന്നെ ഇസ്‌ലാം മതം സ്വീകരിക്കാൻ നിർബന്ധിക്കുകയില്ല. അതിലുപരി മദീനയിലെ യഹൂദരേയും അമുസ്‌ലിംകളേയും സഹോദരന്മാരായിക്കണ്ട് അവരോട് സ്നേഹത്തോടും അനുകമ്പയോടെയും മുസ്‌ലിംകൾ പെരുമാറണം. മദീന യിൽ മുസ്‌ലിംകൾ എത്തിചേർന്നതിന്ന് ശേഷം ആ സമൂഹത്തെ ഒന്നിച്ചുചേർത്ത കരാറിന്റെ സംക്ഷിപ്തരൂപമാണിത്. മുസ്‌ലിംകൾ ഈ കരാർ അക്ഷരംപ്രതി പാലി ക്കുകയുണ്ടായി. ഈ കരാർ വ്യവസ്ഥ എപ്പോഴെങ്കിലും ലംഘിച്ചിട്ടുണ്ടെങ്കിൽ അത് ചെയ്തത് മറ്റു വിഭാഗക്കാരായിരുന്നു. ഒരിക്കലും മുസ്‌ലിംകളായിരുന്നില്ല എന്നതിന്ന് ചരിത്രം സാക്ഷിയാണ്. മദീനയുടെ അംഗീകൃത നേതാവ് എന്ന നിലക്ക് ഈ കരാർ ലംഘിച്ച വ്യക്തികൾക്കെതിരെയും സംഘങ്ങൾക്കെതിരെയും അംഗീകൃത നിയമമനു സരിച്ച് റസൂൽ തിരുമേനി(സ) നടപടികൾ സ്വീകരിച്ചിട്ടുണ്ടാവും. എന്നാൽ അത്തരം ശിക്ഷകൾ കരാറിലെ വ്യവസ്ഥകളനുസരിച്ച് ന്യായാനുസൃതമാണ് നൽകപ്പെട്ടത്. ഒരു തരത്തിലുള്ള അനീതിയുമുണ്ടായിട്ടില്ല. അങ്ങിനെയായിരുന്നു റസൂൽ തിരുമേനി(സ) സ്ഥാപിച്ച ഇസ്‌ലാമിന്റെ യഥാർത്ഥ ഭരണനിർവ്വഹണം നടന്നത് ഈ ഭരണക്രമം തന്നെയാണ് അവിടുത്തെ തുടർന്ന്വന്ന നാല് ഖലീഫമാരും പിന്തുടർന്ന് വന്നത്.

ഇന്ന് ISIS ഓ മറ്റ് മുസ്ലിം ഭരണകൂടങ്ങളോ ഇസ്ലാമിന്റെ ഈ തത്വങ്ങൾക്കെതിരായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവർ ചെയ്യുന്നത് അവരുടെ വ്യക്തിപരവും രാഷ്ട്രീയവുമായ താൽപര്യങ്ങൾ ശമിപ്പിക്കാൻ വേണ്ടി മാത്രമാണ്. അവർ ഇസ്ലാമിന്റെ പേരിലാണ് തങ്ങൾ പ്രവർത്തിക്കുന്നത് എന്ന് പറയുന്നുവെന്നല്ലാതെ അവരുടെ ഹീനകൃത്യങ്ങൾക്ക് ഇസ്ലാമുമായോ റസൂൽ തിരുമേനി(സ)യുടെ അദ്ധ്യാപനങ്ങളുമായോ യാതൊരു ബന്ധവുമില്ല.

പ്രവാചകന്റെ ആവിർഭാവത്തിനു മുമ്പുള്ള അറേബ്യയുടെ ചരിത്രം നാം പരിശോധിക്കുകയാണെങ്കിൽ ഓരോ ഗോത്രങ്ങളും അവരുടെ അവകാശതർക്കങ്ങൾ പരിഹരിച്ചിരുന്നത്. യുദ്ധങ്ങളിലൂടെയും രക്തച്ചൊരിച്ചിലുകളിലൂടെയുമായിരുന്നു. ആ സമൂഹത്തിലാണ് റസൂൽ തിരുമേനി(സ) ഒരു സമൂല വിപ്ലവം സംജാതമാക്കിയത്. ഓരോ വിഭാഗവും അവരുടെ പാരമ്പര്യമനുസരിച്ചോ മതവിശ്വാസമനുസരിച്ചോ നീതിന്യായം നിർവ്വഹിക്കുന്ന ഒരു വ്യവസ്ഥ അദ്ദേഹം കൊണ്ടുവന്നു. ഇസ്ലാമിന്റെ ആദ്യകാല ചരിത്രം ഒരാൾ നിഷ്പക്ഷമായ രീതിയിൽ പഠിക്കുകയാണെങ്കിൽ റസൂൽ തിരുമേനി (സ)യുടെയും നാല് സച്ചരിതരായ ഖലീഫമാരുടെയും കാലത്ത് മുസ്ലിം സമൂഹത്തിന്റെ പെരുമാറ്റം കുറ്റമറ്റതായിരുന്നു എന്ന് കാണാം. അവർ ഒരു യുദ്ധത്തിലും അക്രമകാരികളായിരുന്നില്ല. അവർ ഒരു ദേശവും പിടിച്ചടക്കാൻ തുനിഞ്ഞില്ല. ഇസ്ലാമികാദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് അവർ പോയ ഇടങ്ങളിലെല്ലാം സമാധാനപൂർവ്വമാണ് ഈ ദൗത്യം അവർ നിർവ്വഹിച്ചത്. ഉദാഹരണത്തിന്ന് ഇസ്ലാം ചൈനയിലും ദക്ഷിണേന്ത്യയിലും പ്രചരിക്കുകയുണ്ടായി. ആ രാജ്യങ്ങളിൽ എവിടെയെങ്കിലും ഒരു മുസ്ലിം സൈന്യം ഇസ്ലാംമത പ്രചരണത്തിന്നായി അക്രമണം നടത്തിയതായി ചരിത്രത്തിലില്ല. പ്രസ്തുത രാജ്യങ്ങളിലും മറ്റു രാജ്യങ്ങളിലും ഇസ്ലാം മതം പ്രചരിച്ചത് സമാധാനപൂർണ്ണമായിരുന്നു. പിൽക്കാലത്ത് ചില മുസ്ലിം രാജാക്കന്മാർ പല കാരണങ്ങളാലും യുദ്ധം ചെയ്തിട്ടുണ്ടാവാം. അവരെ മാത്രം അതിൽ കുറ്റപ്പെടുത്താൻ സാദ്ധ്യമല്ല. ആ നാളുകളിൽ പോലും കീഴടക്കപ്പെടുന്ന ആ രാജ്യങ്ങൾ ഒരിക്കലും തന്നെ ഇസ്ലാമിലേക്ക് നിർബദ്ധ മതപരിവർത്തനം നടത്തിയിട്ടില്ല. തീർച്ചയായും വിശുദ്ധ ഖുർആൻ അത്തരം ഉദ്യമങ്ങളെ നിരാകരിക്കുന്നു. സമാധാനപൂർവ്വമായ പ്രചരണം മാത്രമേ ആ പവിത്ര ഗ്രന്ഥം അംഗീകരിക്കുന്നുള്ളൂ. ഇസ്ലാമിന്ന് അല്ലാഹു പ്രതിരോധയുദ്ധമാണ് അനുവദിക്കപ്പെട്ടത് എന്ന് ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു. ആ അനുമതി തന്നെ മറ്റെല്ലാ മതങ്ങളുടെയും രക്ഷക്ക് വേണ്ടിയാണ് നൽകപ്പെട്ടത് എന്നാണ് ഖുർആൻ പറയുന്നത് ഇസ്ലാമിന്ന് വേണ്ടി മാത്രമല്ല വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങളിൽ സർവ്വശക്തനായ അല്ലാഹു പല യുദ്ധ തത്വങ്ങളും പ്രതിപാതിച്ചിരിക്കുന്നു. ഉദാഹരണത്തിന്ന്

അദ്ധ്യായം 2 വചനം 191ൽ അല്ലാഹു പ്രതിരോധ യുദ്ധത്തിന്റെ തത്വം ആവിഷ്കരിച്ചിരിക്കുന്നു. നിങ്ങൾക്കെതിരെ യുദ്ധം തുടങ്ങിവെച്ചവർക്കെതിരെ മാത്രമെ പ്രതിരോധയുദ്ധം നടത്താൻപാടുള്ളൂ. എങ്കിൽതന്നെ അതിരുകവിയാനും ക്രൂരത കാട്ടാനും പാടില്ല. കാരണം അല്ലാഹു ഒരിക്കലും അനീതി പ്രവർത്തിക്കുന്നവരെ സ്നേഹിക്കുന്നില്ല.

അദ്ധ്യായം 16 വചനം 127ൽ സർവ്വശക്തനായ അല്ലാഹു വീണ്ടും മുസ്ലിംകളോട്

ആജ്ഞാപിക്കുന്നത് എന്തെന്നാൽ മുസ്ലിംകൾ ഒരിക്കലും തന്നെ യുദ്ധവേളയിൽ പരിധി ലംഘിക്കരുത് എന്നാണ്. നിങ്ങളോട് പ്രതിയോഗികൾ ചെയ്ത തെറ്റിന് തതുല്യമായി മാത്രമേ അവരെ ശിക്ഷിക്കാൻ പാടുള്ളു. അദ്ധ്യായം 2 വചനം 194 അല്ലാഹു പറയുന്നു. മർദ്ദനം അവസാനിപ്പിക്കുന്നത്വരെയും മതം പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യം പുനസ്ഥാപിക്കപ്പെടുന്നത്വരെയും മാത്രമേ യുദ്ധം ചെയ്യാൻ പാടുള്ളൂ. ആ വചനത്തിൽ വ്യക്തമാക്കുന്നത് മർദദകൻ മർദ്ദനത്തിൽ നിന്ന് പിൻവാങ്ങുകയും അരാചകത്വം അവസാനിക്കുകയും ചെയ്താൽ പിന്നീട് അവരോട് ശത്രുത അനുവർത്തിക്കാൻ പാടില്ല. അദ്ധ്യായം 8ൽ വചനം 62ൽ സർവ്വശക്തനായ അല്ലാഹു പറയുന്നത് അക്രമി സമാധാനത്തിന്റെ പക്ഷത്തേക്ക് ചായുകയും അനുരഞ്ജനത്തിന്നായി കൈ നീട്ടുകയും ചെയ്താൽ അത് മുസ്ലിംകൾ സ്വീകരിക്കണം എന്നാണ്. അവർ അക്കാര്യത്തിൽ ആത്മാർത്ഥതയുള്ളവരാണോ എന്ന് ഒരിക്കലും സംശയിക്കരുത്. അതിലുപരിയായി 9–ാം അദ്ധ്യായം 4–ാം വചനം പറയുന്നത് മുസ്ലിംകൾ ബിംബാരാധകരിൽ നിന്നുള്ള കരാറുകളിലോ ഉടമ്പടികളിലോ ഏർപ്പെട്ടിട്ടുങ്കെിൽ ആ ബിംബാരാധകരായ ആളുകൾ അക്രമണം നടത്താതിരിക്കുകയും കരാറിലെ വ്യവസ്ഥകൾ അവരുടെ ഭാഗത്ത് നിന്നും പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ മുസ്ലിംകളും ആ കരാറുകളും ഉടമ്പടികളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇത് സത്യവിശ്വാസികൾക്കു നിർബന്ധ ബാദ്ധ്യതയാണ്. അല്ലാഹു സത്യവിശ്വാസികളെ സ്നേഹിക്കുന്നു. അദ്ധ്യായം 5 വചനം 9 ൽ അല്ലാഹു കൽപ്പിക്കുന്നത്. യുദ്ധരംഗത്തായാൽപോലും മുസ്ലിംകൾ എല്ലായ്പ്പോഴും ന്യായത്തോടും നീതിയോടുംകൂടി മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ എന്നാണ്. അല്ലാഹു പറയുന്നു. ഒരു ജനതയോടുള്ള ശത്രുത അവരോട് അനീതി പ്രവർത്തിക്കുന്നതിലേക്ക് നിങ്ങളെ നയിക്കാതിരിക്കട്ടെ.

അദ്ധ്യായം 8 വചനം 68 ൽ അല്ലാഹു പറയുന്നത്. യുദ്ധാവസരത്തിലല്ലാതെ ബന്ധനസ്ഥരെ സൂക്ഷിക്കുവാൻ ഒരു പ്രവാചകന്ന് അനുവാദമില്ല എന്നാണ്. അതിന്ന് കാരണം അവർ ദൈവസ്നേഹത്തേക്കാൾ ഐഹിക വിഭവങ്ങളിലോ അധികാരങ്ങളിലോ താൽപര്യം കാണിച്ചേക്കും എന്നത് കൊണ്ടാണ്. ഇത് വ്യക്തമായും തെളിയിക്കുന്നത് യുദ്ധാവസരത്തിലല്ലാതെ ആരേയും ബന്ദികളാക്കി പിടിച്ചുവെക്കാൻ പാടില്ല എന്നാണ്. ഇന്ന് നാം കാണുന്നത് നിരപരാധികളായ നിരവധിപേരെ ഇസ്ലാമിസ്റ്റ് എന്ന് അറിയപ്പെടുന്ന ഇക്കൂട്ടർ ബന്ധികളാക്കിയിരിക്കുന്നു. അതിൽ നിസ്സഹായരായ സ്ത്രീകളെ വെപ്പാട്ടികളായി അവർ വെക്കുകയും ചെയ്യുന്നു. അദ്ധ്യായം 47 വചനം 5 ൽ വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത് യുദ്ധം അവസാനിച്ചാൽ യുദ്ധതടവുകാരെ വിട്ടയക്കണമെന്നാണ്. ഈ വചനത്തിൽ അല്ലാഹു പറയുന്നത് ഒന്നുങ്കിൽ ഒരു സംഖ്യ മോചന ദ്രവ്യമായി വാങ്ങിക്കൊണ്ട് അവരെ സ്വതന്ത്രരാക്കാം അല്ലെങ്കിൽ അതിനെക്കാൾ നന്നായിരിക്കുക ദയയുടെയും അനുകമ്പയുടെയും അടിസ്ഥാനത്തിൽ അവരെ നിരുപാധികം വിട്ടയക്കുക. അതായത് യുദ്ധം അവസാനിച്ചാൽ സ്ത്രീ പുരുഷന്മാരടക്കം എല്ലാവരേയും വിട്ടയക്കുക എന്നതാണ് നിർദ്ദേശം. പുരാതന കാലത്ത് യുദ്ധം ചെയ്യുന്ന സൈന്യത്തെ സഹായിക്കാനും ഉത്സാഹം പകരാനും സ്ത്രീകളും യുദ്ധമുഖത്ത് എത്തുമായിരുന്നു. അപ്പോൾ സ്ത്രീകളും യുദ്ധത്തിൽ ബന്ധനസ്ഥരാക്കാൻ സാദ്ധ്യതയുണ്ട്. ഖുർആൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്ന ഒരു കാര്യം ഒരു സ്ത്രീയോടും യാതൊരു

വിധത്തിലുള്ള ക്രൂരതയോ നിയമ ലംഘനങ്ങളോ നടത്താൻ പാടുള്ളതല്ല എന്നാണ്.

യുദ്ധതടവുകാരെ മോചനദ്രവ്യം വാങ്ങി വിട്ടയക്കുന്നത് സംബന്ധിച്ച് വിശുദ്ധ ഖുർആന്റെ അദ്ധ്യായം 24 വചനം 34 ൽ പറയുന്നത് ഒരാൾക്ക് യുദ്ധതടവുകാരെ സൗജന്യമായി മോചിപ്പിക്കാൻ സാധ്യമാവുന്നില്ലെങ്കിൽ യുദ്ധതടവുകാരെ ഗഡുക്കളായി പണം വാങ്ങി മോചിപ്പിക്കാവുന്നതാണ്. യുദ്ധതടവുകാർ പണം കൊടുത്ത് മോചിപ്പിക്കുന്നത് സംബന്ധമായ ഈ വചനത്തിൽ പറയുന്ന കാര്യം പുരാതന കാലത്തെ യുദ്ധ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിലാണ് നാം നോക്കിക്കാണേണ്ടത്. അക്കാലത്ത് യുദ്ധം ചെയ്യുന്ന വ്യക്തികൾ അവരുടെ സ്വന്തം ചിലവിലാണ് യുദ്ധം ചെയ്തുകൊണ്ടിരുന്നത്. അവർ സ്വന്തം വിലകൊടുത്ത് വാങ്ങിയ ആയുധങ്ങളായിരുന്നു യുദ്ധത്തിൽ ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് യുദ്ധത്തിൽ ബന്ദിയായി പിടിക്കപ്പെടുന്നവരെ മോചിപ്പിക്കാൻ നൽകുന്ന മോചനദ്രവ്യം യുദ്ധത്തിൽ പങ്കെടുത്തവർക്ക് എടുക്കാൻ അനുവാദമുണ്ടായിരുന്നു. ഇന്നത്തെ യുദ്ധങ്ങൾക്ക് ഭരണ കൂടങ്ങളാണ് ധനസഹായം പൂർണ്ണമായും നൽകുന്നത്. വ്യക്തികൾ യുദ്ധ ചിലവ് വഹിക്കേണ്ടിവരുന്നില്ല. അതിനാൽ യുദ്ധത്തടവുകാരെ എങ്ങിനെ കൈകാര്യം ചെയ്യണമെന്നകാര്യം ഭരണ കൂടങ്ങളുടെയോ അന്തർദേശീയ സംഘടനകളുടെയോ വിഷയങ്ങളാണ് വ്യക്തികളായ പട്ടാളക്കാർ നിർവഹിക്കേണ്ട വിഷയമല്ല. യുദ്ധതടവുകാരെ പരസ്പരം കൈമാറുന്ന പദ്ധതി ഗവൺമെന്റ് തലത്തിലാണ് നിർവ്വഹിക്കപ്പെടുക. അതാണ് ദീർഘകാലത്തേക്കുള്ള സമാധാനത്തിന്ന് പര്യാപ്തമാവുകയുള്ളു. വ്യക്തിപരമായ നിലയിൽ ആളുകളെ ബന്ദികളാക്കുന്ന സാഹചര്യം നിലനിൽക്കുന്നില്ല. അങ്ങിനെ ആരെങ്കിലും പ്രവർത്തിക്കുന്നുവെങ്കിൽ അത് ഇസ്ലാമിന്ന് വിരുദ്ധമാണ്.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു. നിങ്ങൾ ആർത്തിയോടെ അന്യരുടെ സ്വത്തിൽ നോട്ടമയക്കരുത്. ഈയൊരു സുവർണ്ണതത്വം മാത്രംമതി ലോകത്ത് സമാധാനം കൈവരുത്താൻ. ഈ ഇസ്ലാമിക ആജ്ഞ പിന്തുടർന്നാൽ ഒരു മുസ്ലിം മറ്റുള്ളവരുടെ ഭൂമിയോ അതിർത്തിയോ സമ്പത്തോ കൈയ്യേറുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. ഖുർആൻ അദ്ധ്യായം 10 വചനം 100 ൽ അല്ലാഹു പറയുന്നത്. അല്ലാഹു സർവ്വ ശക്തനാണ് അവൻ ആഗ്രഹിച്ചിരുന്നുവെങ്കിൽ ലോകമാസകലം ഇസ്ലാം മതം സ്വീകരിക്കുമാറ് ലോകത്തെ ഒരുക്കിവെക്കുമായിരുന്നു. എങ്കിലും അല്ലാഹു ഒരിക്കലും മനുഷ്യരാശിയുടെ മേൽ നിർബന്ധം ചെലുത്തിയിട്ടില്ല. മുഹമ്മദ് നബി(സ)യോട് ഈ വിഷയത്തിൽ നിർദ്ദേശിച്ചിട്ടുള്ളത് ഇസ്ലാം മതതത്വങ്ങൾ പ്രചരിപ്പിക്കാൻ ഒരിക്കലും ബലം പ്രയോഗിക്കരുത് എന്നാണ്. മതം എന്നത് ഓരോ മനുഷ്യന്റെയും ഹൃദയവും ആത്മബോധവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് ഒരാളെ ഏത് സാഹചര്യത്തിലായാലും ബലം പ്രയോഗിച്ച് ഇസ്ലാം മതം സ്വീകരിക്കാൻ അനുവദിക്കില്ല എന്ന കാര്യം വളരെ സ്പഷ്ടമാണ്. തീർച്ചയായും ഇസ്ലാം മത സന്ദേശം പ്രചരിപ്പിക്കാൻ മുസ്ലിംകളോടു പറയപ്പെട്ട കാര്യമാണ്. അദ്ധ്യായം 18 വചനം 30 ൽ അല്ലാഹു റസൂൽ തിരുമേനി(സ)യോട് പറയുന്നു. പറയുക, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ് അത് വിജയത്തിന്നും ഐശ്വര്യത്തിന്നുമുള്ള ഉപാധിയാണ്. അവർക്ക് ഈ സത്യം സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. കണ്ണും കാതുമുള്ള ഏതൊരാൾക്കും ഈ വചനങ്ങൾ അത്യന്തം സുതാര്യവും വ്യക്തവുമാണ്. റസൂൽ തിരുമേനി(സ)യെ ഇസ്

ലാം മതസന്ദേശം അറിയിക്കാൻ മാത്രമാണ് കൽപ്പിക്കപ്പെട്ടിരിക്കുന്നത് അതിനപ്പുറം ഒന്നും ചെയ്യാൻ കല്പ്പിക്കപ്പെട്ടിട്ടില്ല. അപ്പോൾ ഇന്നത്തെ ഈ മുസ്ലിംനേതാക്കന്മാർക്ക് അല്ലാഹുവിന്റെ ഈ കല്പനക്കപ്പുറം പോകാൻ എങ്ങനെ സാധിക്കും? പരിശുദ്ധ ഇസ്ലാം മതത്തിന്റെ സ്ഥാപകനായ റസൂൽ തിരുമേനി(സ)ക്കുണ്ടായിരുന്നതിനേക്കാൾ അധികാരം ഇക്കാര്യത്തിൽ തങ്ങൾക്കുണ്ടെന്ന് ഇന്നത്തെ മുസ്ലിം നേതാക്കന്മാർ എന്നറിയപ്പെടുന്ന ഈ വ്യക്തികൾക്കുണ്ടോ?

വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങളെ അടിസ്ഥാനമാക്കിയുള്ള ഇസ്ലാമിന്റെ അദ്ധ്യാപനസാരം ഞാൻ ഹ്രസ്വമായി വിവരിച്ചുകഴിഞ്ഞു. ചില മുസ്ലിം ഗ്രൂപ്പുകളും ചില രാജ്യങ്ങൾ പോലും നടത്തിവരുന്ന ക്രൂരതകൾ തികച്ചും ഇസ്ലാമിന്ന് വിരുദ്ധ മായിട്ടുള്ളതാണ്. ഇതെല്ലാം ഇസ്ലാമികാദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതാണെ ങ്കിൽ അവർ എന്തുകൊണ്ട് ഇസ്ലാമിന്റെ പേരിൽ ഇങ്ങനെ പ്രവർത്തിക്കുന്നു എന്ന് നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. അതുനുള്ള ലളിതമായ ഉത്തരം ഞാൻ നേരത്തെ പറഞ്ഞ താണ്. അതായത് അവർ തങ്ങളുടെ ഭൗതികമായ ദുരാഗ്രഹങ്ങളുടെ പൂർത്തീകരണ ത്തിന്ന് വേണ്ടി മാത്രം ശ്രമിക്കുന്നവരാണ് അവരുടെ ലക്ഷ്യം. ആത്മീയമോ മതപരമോ അല്ല. അവർ ക്രൂരതയും രക്തചൊരിച്ചിലുടെയും മതത്തിന്റെ പേരിൽ അവരുടെ ഭൗതി കമായ താൽപര്യങ്ങൾ ശമിപ്പിക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. ഞാൻ വീണ്ടും പറയുന്നു. ഏതൊരു അഹ്മദി മുസ്ലിമും അതുപോലെ തീർച്ചയായും സമാധാന സ്നേഹിയായ മുസൽമാനും അവരുടെ പാവനവും പരിശുദ്ധവുമായ മതം അനീതി നിറഞ്ഞ വഴികളിലൂടെ താറടിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ വളരരയധികം വേദന അനുഭവിക്കുകയാണ്. എന്തായാലും തീവ്രവാദി ഗ്രൂപ്പുകളുടെ ഘോരകൃത്യങ്ങളെ അടിസ്ഥാനമാക്കി ഇസ്ലാം ഒരു അക്രമമതമാണെന്ന് വാദിക്കുന്ന ആളുകളോടും, സംഘടനകളോടും, രാഷ്ട്രീയക്കാരോടും എനിക്ക് ചോദിക്കാനുള്ളത്. ഈ മുസ്ലിം തീവ്രവാദി ഗ്രൂപ്പുകൾക്ക് ഫണ്ട് ലഭ്യമാകുന്നത് എങ്ങിനെയാണ്? അവ ർക്ക് ഭീകരകൃത്യങ്ങൾ ദീർഘകാലം തുടർന്ന് നടത്താനും യുദ്ധം ചെയ്യാനും കഴി യുന്നത് എങ്ങനെയാണ്? എങ്ങനെയാണ് അവർക്ക് ആധുനികമായ യുദ്ധോപകരണ ങ്ങൾ ലഭ്യമാകുന്നത്? അവർക്ക് ആയുധവ്യവസായങ്ങളോ ഫാക്ടറിയോ ഉണ്ടോ? അവർക്ക് ചില ശക്തികളിൽ നിന്നും സഹായം ലഭിക്കുന്നുണ്ട് എന്ന കാര്യം സ്പഷ്ടമാ ണ്. ഇത് ഒരു പക്ഷേ എണ്ണസമ്പന്നമായ മുസ്ലിം രാജ്യങ്ങളിൽനിന്നും നേരിട്ട് ലഭിക്കുന്നതായിരിക്കാം. അതല്ലങ്കിൽ ഏതെങ്കിലും വൻശക്തികൾ അവരെ നിഗൂഢമായ വഴികളിലൂടെ സഹായിക്കുന്നതായിരിക്കാം.

ISIS പ്രാമുഖ്യം ലഭിച്ചുതുടങ്ങിയപ്പോൾ പറഞ്ഞ് കേട്ടത് അവർ ദേശീയ സൈന്യ ത്തിന്റെ ആയുധങ്ങൾ കൈക്കലാക്കുകയും അവരുടെ ആയുധപുരകൾ പിടിച്ചെടുക്കു കയും ചെയ്തു എന്നാണ്. ഇത് ശരിയായിരിക്കാം. പക്ഷേ ഇത്രയും കാലം അവർക്ക് യുദ്ധം തുടർന്ന് നടത്താൻ ആ ആയുധങ്ങൾകൊണ്ട് മാത്രം മതിയാകുമായിരുന്നില്ല. ഒരു സാധാരണ സൈന്യത്തിന്ന് ആയുധ വിതരണത്തിന്റെ ഒഴുക്ക് വിഛേദിച്ചാൽ അവർക്ക് യുദ്ധം തുടർന്ന് ചെയ്യാൻ സാധ്യമല്ലാതെവരും. പക്ഷേ ഇവിടെ ISIS ന്ന് ആയുധവിതരണം നിരന്തരം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നതായി നാം കാണുന്നു.

അവരുടെ കൈയ്യിൽ ഇപ്പോൾ ആന്റി എയർ ക്രാഫ്റ്റ് മിസൈലും മറ്റ് ആധുനിക

ആയുധങ്ങൾ വരെ ഉണ്ട്. ഇതെല്ലാം ISIS യുടെ ആയുധവിതരണ സ്രോതസ്സിലേക്ക് വിരൽ ചൂണ്ടുന്നു. കോടിക്കണക്കിന് ഡോളറിന്റെ സാമ്പത്തിക സഹായം അവർക്ക് ലഭിക്കുന്നുണ്ട് എന്ന കാര്യം പൊതുവെ അറിയപ്പെടുന്ന കാര്യമാണ്. ഇത് അവർക്ക് ബാഹ്യമായ സഹായം ലഭിക്കുന്നുണ്ട് എന്ന അനുമാനത്തിലെത്തിക്കുന്നു. നിരവധി ഔദ്യോഗികവക്താക്കളും വിശകലനവിദഗ്ധരും നിരൂപകരും ഈ ഒരു വസ്തുത അംഗീകരിക്കുന്നവരാണ്. ഉദാഹരണത്തിന് അമേരിക്കയിലെ ടെററിസം ആന്റ് ഫൈനാൻഷ്യൽ ഇന്റലിജെൻസിന്റെ (Terrorisam and Financial Intelligence) അണ്ടർ സെക്രട്ടറി ഡേവിഡ് കോഹൻ അമേരിക്കൻ ഗവൺമെന്റിന്റെ ഒരു മുതിർന്ന പ്രതിനിധി യാണ്. അദ്ദേഹം വളരെ പരസ്യമായി പറഞ്ഞത് നാം നേരിടേണ്ടിവന്ന ഭീകരസംഘടന കളിൽ ഏറ്റവും കൂടുതൽ ധനസഹായം ലഭിക്കുന്ന ടെററിസ്റ്റ് ഗ്രൂപ്പ് ISIS ആണ് എന്നാണ്. അവർ ദശലക്ഷക്കണക്കിന് ഡോളറുകളാണ് മാസന്തോറും ചിലവഴി ക്കുന്നത്. ദിനംപ്രതി ഒരു ദശലക്ഷം ഡോളറാണ് അവർ കരിച്ചന്തയിൽ എണ്ണ വില്പന നടത്തിക്കൊണ്ട് സമ്പാദിക്കുന്നത്.

യാതൊരു വിഘ്നങ്ങളുമില്ലാതെ എങ്ങിനെയാണ് അവർക്ക് ഇത്രവലിയ അളവിൽ എണ്ണ ലഭ്യമാകുന്നത്? ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ എണ്ണ കൊണ്ടുപോകുന്നതും വില്ക്കുന്നതും സൂക്ഷ്മമായി നിരീക്ഷിക്കപ്പെടുകയും ചില എണ്ണ സമ്പന്നരാജ്യങ്ങൾ അവർക്ക് വിലക്ക് ഏർപ്പെടുത്തുകയും ചെയ്യാറുണ്ട്. എന്നാൽ ഇത്തരത്തിലുള്ള എല്ലാ നിയന്ത്രണങ്ങളും മറികടന്നുകൊണ്ട് വലിയ തോതിൽ എണ്ണ യാതൊരു തടസ്സവും കൂടാതെ അവർ ശേഖരിക്കുകയും വിൽക്കുകയും ചെയ്യുന്നു. അത്ര വലിയ തോതി ലുള്ള എണ്ണയുടെ ട്രാൻസ്പോർട്ടേഷനും വിൽപ്പനയും എളുപ്പത്തിൽ മറച്ചുവെക്കാനും സാധ്യമല്ല. ISIS ബന്ധനസ്ഥരുടെ മോചനത്തിലൂടെ സ്ഥിരമായി മോചനദ്രവ്യം ലഭി ക്കുന്നു എന്ന് പറയപ്പെടുന്നു. പക്ഷേ അവരുടെ മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വരുമാ നവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് വളരെ നിസ്സാരമായ ഒരു സംഖ്യയാണ്. തിവ്രവാദഗ്രൂപ്പുകൾക്കുള്ള ധനസഹായ ലഭ്യതയാണ് മുഖ്യ പ്രശ്നം. ഇത്തരത്തിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചാണ് അവർക്ക് ഒറ്റപ്പെട്ട ഗ്രൂപ്പുകളിൽനിന്നും വ്യക്തിക ളിൽ നിന്നും ആളുകളെ സംഘടിപ്പിക്കാൻ സാധിക്കുന്നത്. പ്രസിദ്ധീകൃതമായ ഒരു റിപ്പോർട്ടിൽ പറയുന്നത് ഒരു കുടുംബത്തിൽ നിന്നും ഒരാളെ ISIS ന്ന് നൽകു കയാണെങ്കിൽ ആ കുടുംബത്തിന്ന് ആദ്യഗഡു എന്ന നിലക്ക് ആയിരക്കണക്കിന് ഡോളറുകൾ നൽകുന്നു. പിന്നീട് ക്രമികമായി നൂറുകണക്കിന് ഡോളറുകളും നൽ കപ്പെടുന്നു.

അങ്ങിനെയെങ്കിൽ ഈ ഭീകരസംഘങ്ങൾക്ക് ധനസഹായം നൽകുന്നത് അടിയ ന്തിരമായി നിർത്തിവെക്കാൻ എന്തെങ്കിലും ചെയ്യേണ്ടതുണ്ട്. ഈ യുദ്ധം തങ്ങൾക്ക് നേരിട്ട് ബാധിക്കുന്നതാണെന്ന് പാശ്ചാത്യനാടുകൾക്ക് ഇപ്പോൾ ബോദ്ധ്യമായി തുടങ്ങി യിരിക്കുന്നു. ഇതും ഒരു പക്ഷേ ശരിയായ വിലയിരുത്തലല്ലായിരിക്കും. സത്യത്തിൽ ഇത് മുഴുലോകത്തിന്നുമെതിരായ യുദ്ധമാണ്. സാധാരണഗതിയിൽ മുസ്ലിം രാജ്യ ങ്ങളിലെ കാര്യങ്ങൾ നിയന്ത്രിക്കാനും സ്വാധീനിക്കാനും പല കാര്യങ്ങളിലും വൻശക്തി കൾക്ക് സാധ്യമാണെന്ന് നാം മനസ്സിലാക്കുന്നു. ചോദ്യമിതാണ് വൻശക്തികൾ അവ രുടെ സ്വാധീനം ചെലുത്താൻ തികച്ചും ആവശ്യമായ ഇക്കാര്യത്തിൽ അവർ എന്തുകൊ

ണ്ട് മൗനം പാലിക്കുന്നു? എല്ലാവിധത്തിലുള്ള ഭീകരവാദത്തേയും ചെറുത്തു തോൽപ്പിക്കാൻ എന്തുകൊണ്ട് ഐക്യത്തോടെയും സംയുക്തവുമായുള്ള ഒരു നീക്കം ഉണ്ടാവുന്നില്ല. ഈ ദീകരസംഘങ്ങൾ നടത്തുന്ന വൻനശീകരണപ്രവർത്തനങ്ങളെ അപേക്ഷിച്ച് അവർക്കെതിരെയുള്ള നടപടികൾ തുലോം തുഛമാണ്. എന്റെ വീക്ഷണത്തിൽ ഇങ്ങിനെ സംഭവിക്കുന്നതിന് കാരണം മുസ്‌ലിം ലോകത്തിന്റെ മാത്രം കുഴപ്പം കൊണ്ടല്ല. ഘോരമായ ഈ നശീകരണാവസ്ഥക്ക് ബാഹ്യശക്തികളുടെയും അധികാര കേന്ദ്രങ്ങളുടെയും സംഭാവനകളുണ്ട്.

വർഷങ്ങളായി ബാഹ്യശക്തികളുടെ ധനസഹായത്തോടുകൂടി സിറിയയിലും ഇറാഖിലും അഭ്യന്തര കലാപങ്ങൾ നടന്നുവരികയാണ്. ധനസഹായം നൽകിയും ആയുധങ്ങൾ നൽകിയും തീവ്രവാദികളെ സഹായിച്ചും ബാഹ്യശക്തികൾ അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഈ ഭിന്നവിഭാഗങ്ങൾ അവർക്ക് പണം നൽകിവന്ന യജമാനന്മാരുടെ വരുതിയിൽ നില്ക്കാത്തവിധം അതിവേഗം വളർന്നുകഴിഞ്ഞു. അവർ തങ്ങളുടെ തീവ്രവാദപരമായ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഭീകരതയുടെ സംഹാരതാണ്ഡവമാടുകയാണ്.

ഞാൻ പറയുന്ന കാര്യങ്ങൾ പരസ്യമാക്കപ്പെടാത്തതോ മാധ്യമങ്ങൾ പ്രസിദ്ധീകരിക്കാത്തതോ ആയ കാര്യങ്ങളല്ല. ISIS പോലെയുള്ള ഭീകര സംഘങ്ങളും അത്തരം നയങ്ങളുടെ ഉൽപന്നമാണ്. അവരുടെ ഭീകരതയുടെ ശൃംഖലാ പ്രവർത്തനം ഇപ്പോൾ മുഴുലോകത്തേയും ബാധിക്കുമാറ് വ്യാപകമായിരിക്കുകയാണ്.

ഞാൻ വീണ്ടും പറയുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഇത് വലിയ മനോവേദനക്കും ആശങ്കയും ഉണ്ടാക്കുന്ന കാരണം അവരുടെ ഈ ഹീനകൃത്യങ്ങൾ ഇസ്‌ലാമുമായി ബന്ധപ്പെടുത്തിയിരിക്കുന്നു എന്നത്കൊണ്ടാണ്. പാശ്ചാത്യനാടുകളിലെ മുസ്‌ലിം യുവാക്കൾ ഇറാഖിലും സിറിയയിലും സഞ്ചരിക്കുന്നവരാണ്. അവിടെവെച്ച് അവർ തീവ്രവാദവത്ക്കരണത്തിന് വിധേയരാവുന്നു എന്നത് ഇക്കാലത്തെ ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. അവസാനം അവർ തങ്ങളുടെ ജന്മനാട്ടിൽ തിരിച്ചെത്തി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വലിയ അക്രമങ്ങൾ നടത്താനും വമ്പിച്ച അരാജകത്വം സൃഷ്ടിക്കാനും സാധ്യതയുണ്ട്. തീർച്ചയായും ഇത് ഒരു മേഖലയെ മാത്രം സാധിക്കുന്ന പ്രശ്നമോ മുസ്‌ലിം പ്രശ്നമോ അല്ല. ഇതൊരു അന്തർ ദേശീയ പ്രശ്നമാണ്. ആഗോള തലത്തിൽ ഈ ഭീകരസംഘടനയെ തടയാനുള്ള കൂട്ടായ യത്നം ആവശ്യമാണ്. ചില പ്രമുഖ വ്യക്തികൾ പറയുന്നത് ഈ ഭീകരയുദ്ധം അവസാനിക്കാൻ ഒരു പക്ഷേ 30 മുതൽ 100 വർഷംവരെ എടുത്തേക്കുമെന്നാണ്. വ്യക്തിപരമായി ഞാൻ വിശ്വസിക്കുന്നത്. ലോകത്തിന് ഭീകരവാദത്തെ ഉന്മൂലനം ചെയ്യണമെന്ന നിശ്ചയ ദാർഢ്യമുങ്കിൽ ഈ ഭീകരവാദികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഇല്ലാതാക്കാൻ സാധിക്കുന്നതാണ്. ഈ വിപത്ത് തടയാൻ ദശാബ്ദങ്ങളെടുക്കുമെന്ന് പറയുന്നത്കൊണ്ട്മാത്രം നാം നമ്മുടെ വ്യക്തിപരമായ ഉത്തരവാദിത്വത്തിൽ നിന്നും മോചിതരായി എന്ന് ചിന്തിക്കാൻ പാടില്ല. ആഗോള ഭീകരവാദം തടയാനായി എല്ലാവരും ഒന്നിച്ച് കൈകോർക്കേണ്ടതുണ്ട്. വളരെ ലളിതമായി ഇസ്‌ലാംമതത്തേയോ ഏതെങ്കിലും ഒരു ഗ്രൂപ്പിനെയോ കുറ്റപ്പെടുത്തുന്നത് യുദ്ധത്തിൽ നിന്നും നമ്മെ രക്ഷിക്കില്ല നമ്മുടെ ഉത്തരവാദിത്തത്തിൽ നിന്നും അത് നമ്മെ മുക്തമാക്കുകയും ചെയ്യുന്നില്ല. ലോകത്തെ രക്ഷി

ക്കാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും യഥാർത്ഥ നീതി നാം നടപ്പാക്കേണ്ടിയിരിക്കുന്നു. എല്ലാ രാജ്യങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ന്യായമായ രീതിയിൽ പരിഹരിക്കേണ്ടതുണ്ട്.

എല്ലാ സമാധാനകാംഷികളായ ജനങ്ങളും അതാത് ഭരണകൂടങ്ങളെ സമാധാനം പുലർന്നുകാണാനുള്ള ഉദ്യമങ്ങൾക്ക് പ്രേരണ നൽകണം. തീർച്ചയായും എല്ലാ രാഷ്ട്രീയക്കാരും സ്വാധീനമുള്ള വ്യക്തികളും ഈ വിഷയത്തെപ്പറ്റി ചിന്തിക്കുകയും അങ്ങനെ ഓരോ വ്യക്തിയുടെ അവരവരുടെ സ്വാധീന മേഖലകളിൽ യഥാർത്ഥ നീതി നടപ്പാക്കിക്കൊണ്ട് ലോകത്ത് സമാധാനം കൈവരുന്നതിനെപറ്റി ആരായുകയും സമാധാനം സ്ഥാപിച്ചെടുക്കുകയും സമ്പൂർണ്ണ സമാധാനം തകർക്കുന്നത് തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കുകയും വേണം. ലോകത്തെ രക്ഷിക്കാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും യഥാർത്ഥ നീതിനടപ്പാക്കേണ്ടിയിരിക്കുന്നു. ഓരോ രാജ്യവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ന്യായമായ രീതിയിൽ പരിഹരിക്കണം അത് വിദ്വേഷം ഇല്ലാതാക്കും.

ഒരു രാജ്യത്തിന്റേയും വിഭവങ്ങൾ അസൂയയുടെ കണ്ണിലൂടെ നോക്കിക്കാണാൻ പാടില്ല. പരസ്പരം സഹായിക്കുന്ന രീതിയിൽ നയങ്ങൾ രൂപീകരിക്കണം. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ലോകം അതിന്റെ സ്രഷ്ടാവിനെ മറന്നിരിക്കുന്നു എന്ന യാഥാർത്ഥ്യം അവർ അംഗീകരിക്കേണ്ടതുണ്ട്. അവർ സ്രഷ്ടാവിലേക്ക് തിരിച്ചു വരണം അപ്പോൾ മാത്രമെ യഥാർത്ഥ സമാധാനം സ്ഥാപിക്കപ്പെടുകയുള്ളൂ. ഇത് കൂടാതെ സമാധാനത്തിന് യാതൊരു ഉറപ്പുമില്ല.

ഞാൻ ഇതിന്ന് മുമ്പ് പലതവണ മറ്റൊരു ആഗോളയുദ്ധത്തിന്റെ ഭയാനകമായ പരിണിതിയെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ഒരുപക്ഷേ അത്തരമൊരു യുദ്ധത്തിന്ന് ശേഷം മാത്രമേ വ്യക്തിപരമായ ദുരാഗ്രഹങ്ങളുടെയും നിക്ഷിപ്ത താൽപര്യങ്ങളുടെയും ശമനത്തിന്നായി രൂപീകരിക്കപ്പെടുന്ന അനീതി നിറഞ്ഞ നയങ്ങളുടെ വിനാശഫലങ്ങളെ സംബന്ധിച്ച് പൂർണ്ണ ബോദ്ധ്യം വരികയുള്ളൂ. അത്തരം ഒരു വൻവിപത്ത് വരുന്നതിന്ന് മുമ്പായി ലോകം അതിന്റെ വിവേകം വീണ്ടെടുക്കുമെന്ന് പ്രത്യാശിക്കുകയും അതിന്നായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ലോകം അതിന്റെ സ്രഷ്ടാവിനെ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യണമെന്നാണ് എന്റെ പ്രതീക്ഷയും പ്രാർത്ഥനയും ഈ വാക്കുകളോടെ ഞാൻ വിരമിക്കുന്ന. നിങ്ങൾക്കെല്ലാവർക്കും നന്ദി

**വിവ: എ. എം. മുഹമ്മദ് സലീം.**

Malayalam

# ഇസ്‌ലാം സമാധാനത്തിന്റെ മതം

വിശ്വസ്തത

സ്വാതന്ത്ര്യം

സമാധാനം

ബഹുമാനം

സമത്വം

© Islam International Publications Ltd.

Published by: Nazarat Nashr-o-Isha'at,
Sadr Anjuman Ahmadiyya Qadian.143516-Punjab,India
Printed in India @ Fazl-e-Umar Printing Press Qadian.
Copies : 1000 / 2018 Feb

For further information please Visit:
www.alislam.org / www.ahmadiyyamuslimjamaat.in / www.mta.tv
Feedback www.ahmadiyyamuslimjamaat.in/feedback
Noorul Islam Toll Free Number: 1800-3010-2131

Muslim Television Ahmadiyya International
Satellite: Asia sat 7s, Degree: 105.5 East, Frequency 3760 Symbol Rate: 26000 FEC: Auto / C.Band 4 Feet Dish Antenna
EutelsatE70B,Degree:70° East,Frequency:11211,SymbolRate:5111,Polarization-HorizontalQPSK-1/2,KU Band 2 feet Dish Antenna